**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2473** **02-08-2021 - ൽ മറുപടിയ്ക്ക്**

**അടിവാരം-ലക്കിടി കേബിൾ കാർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായക സംരംഭക പ്രോത്സാഹന പദ്ധതിയായ അസൻഡിൽ ധാരണാപത്രം ഒപ്പുവെച്ച അടിവാരം-ലക്കിടി കേബിൾ കാർ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | അടിവാരം ലക്കിടി കേബിൾ കാർ പദ്ധതി വയനാട് ചേംബർ ഓഫ് കൊമേഴ്സ് ആണ് പദ്ധതി പ്രവർത്തനങ്ങളുമായി നിലവിൽ മുന്നോട്ടുപോകുന്നത് . സർക്കാർ സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിൽ വരുത്തുന്നതിനായി വയനാട് , കോഴിക്കോട് ജില്ലാ കളക്ടർമാർ, ,ജനപ്രതിനിധികൾ എന്നിവരുടെ നേതൃത്വത്തിൽ ചർച്ചകൾ നടത്തുകയും ആയതിൽ തുടർനടപടി സ്വീകരിച്ചുവരുകയും ചെയ്യുന്നുണ്ട് . വയനാട് ചേംബർ ഓഫ് കൊമേഴ്സ് അടിവാരത്തും ലക്കിടിയിലും ടെർമിനൽ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം വിലയ്ക്ക് വാങ്ങുകയും അടിവാരത്തുള്ള സ്ഥലത്തിന് പ്ലാന്റേഷൻ ലാൻഡ് കൺവേർഷനുവേണ്ടി അപേക്ഷ നൽകുകയും അതിനോടൊപ്പം വനം വകുപ്പിന്റെ ക്ലിയറൻസിന് അപേക്ഷ നൽകുകയും വനം വകുപ്പിന് കൊടുക്കുവാനുള്ള പകരം ഭൂമി കണ്ടെത്തുകയും ചെയ്തിട്ടുണ്ട് . പാരിസ്ഥിതിക അനുമതി ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയാക്കി ആയതിനുള്ള പബ്ലിക് ഹീയറിംഗ് 2021 ആഗസ്റ്റ് നടത്താനും ചേംബർ ഓഫ് കോമേഴ്സ് തീരുമാനിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട് . അടിവാരം ലക്കിടി കേബിൾ കാർ പദ്ധതി വയനാട് ചേംബർ ഓഫ് കൊമേഴ്സ് ആണ് പദ്ധതി പ്രവർത്തനങ്ങളുമായി നിലവിൽ മുന്നോട്ടുപോകുന്നത് . സർക്കാർ സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിൽ വരുത്തുന്നതിനായി വയനാട് , കോഴിക്കോട് ജില്ലാ കളക്ടർമാർ, ,ജനപ്രതിനിധികൾ എന്നിവരുടെ നേതൃത്വത്തിൽ ചർച്ചകൾ നടത്തുകയും ആയതിൽ തുടർനടപടി സ്വീകരിച്ചുവരുകയും ചെയ്യുന്നുണ്ട് . വയനാട് ചേംബർ ഓഫ് കൊമേഴ്സ് അടിവാരത്തും ലക്കിടിയിലും ടെർമിനൽ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം വിലയ്ക്ക് വാങ്ങുകയും അടിവാരത്തുള്ള സ്ഥലത്തിന് പ്ലാന്റേഷൻ ലാൻഡ് |

| | | | |
|---|---|---|---|
| | | | കൺവേർഷനുവേണ്ടി അപേക്ഷ നൽകുകയും അതിനോടൊപ്പം വനം വകുപ്പിന്റെ ക്ലിയറൻസിന് അപേക്ഷ നൽകുകയും വനം വകുപ്പിന് കൊടുക്കുവാനുള്ള പകരം ഭൂമി കണ്ടെത്തുകയും ചെയ്തിട്ടുണ്ട് . പാരിസ്ഥിതിക അനുമതി ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയാക്കി ആയതിനുള്ള പബ്ലിക് ഹീയറിംഗ് 2021 ആഗസ്റ്റ് നടത്താനും ചേംബർ ഓഫ് കോമേഴ്സ് തീരുമാനിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട് . |
| (ബി) | പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) | സ്വീകരിക്കാവുന്നതാണ് . |

സെക്ഷൻ ഓഫീസർ